ॐ



പിതാ ഗുരു സ്ത്വം ജഗതാമധീശോ ദുരത്യയ: കാല ഉപാത്തദണ്ഡ:
ഹിതായ സ്വേച്ഛാതനുഭി: സമീഹസേ മാനം വിധുന്വൻ ജഗദീശമാനിനാം (10-27-6)
നമസ്തുഭ്യം ഭഗവതേ പുരുഷായ മഹാത്മനേ
വാസുദേവായ കൃഷ്ണായ സാത്വതാം പതയേ നമ: (10-27-10)
സ്വച്ഛന്ദോപാത്ത ദേഹായ വിശുദ്ധജ്ഞാനമൂർത്തയേ
സർവ്വസ്മൈ സർവ്വബീജായ സർവ്വഭൂതാത്മനേ നമ: (10-27-11)
ത്വയേശാനുഗൃഹീതോ$f$സ്മി ധ്വസ്ത സ്തംഭോ വൃഥോദ്യമ:
ഈശ്വരം ഗുരുമാത്മാനം ത്വാമഹം ശരണം ഗത: (10-27-13)
കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വസംഭവ
ഭവതാ ലോകനാഥേന സനാഥാ വയമച്യുത (10-27-19)

*ശുകമുനി തുടർന്നു:*
സ്വർഗ്ഗധേനുവായ സുരഭിയും സ്വർഗ്ഗനാഥനായ ഇന്ദ്രനും കൃഷ്ണസവിധമണഞ്ഞു. പരാജിതനായി തലയും കുമ്പിട്ട് ഇന്ദ്രൻ ഭഗവാനോടിങ്ങിനെ ക്ഷമ യാചിച്ചു..

അവിടുന്ന് മനുഷ്യവേഷത്തിലാണെങ്കിലും എല്ലാ പ്രതിഭാസങ്ങൾക്കുമപ്പുറത്താണല്ലോ. അവിടുത്തേക്ക് ആഗ്രഹങ്ങൾ ഒന്നുമില്ലെങ്കിലും അവിടുന്ന് ദുഷ്ടരെ ശിക്ഷിക്കുന്നു. അത് അവരുടെയെല്ലാം നൻമയ്ക്കുതന്നെയുമാണ്. അവിടുന്നാണ് പിതാവും ഗുരുവും ലോകനാഥനും. അവിടുന്നാണ് കാലം. ശരീരമെടുത്തിട്ടുള്ള ജീവികളുടെയെല്ലാം നൻമയ്ക്കായി അവിടുന്നവതരിച്ചിരിക്കുന്നു. അഹങ്കാരികളുടെ മദം ശമിപ്പിക്കുന്നതിനുമാണ് അവിടുന്നവതരിച്ചത്. കഠിനമായ ദുരവസ്ഥകളിൽപ്പോലും അവിടുന്നു കാണിക്കുന്ന പ്രശാന്തത അഹംഭാവികളിൽ ലജ്ജയും ഭക്തിയുമുളവാക്കാൻ പോന്നതത്രെ. എന്റെ ദുഷ്ടതയ്ക്കു മാപ്പു നൽകിയാലും. അവിടുത്തെ ചെയ്തികൾ തന്നെ അഹങ്കാരികൾക്കുള്ള ശകാരമത്രെ. എനിക്കീവിധമായ ചിന്തകൾ ഉണ്ടാകാതിരിക്കാനായി അനുഗ്രഹിച്ചാലും.

വാസുദേവാ കൃഷ്ണാ അവിടേക്ക് നമസ്കാരം. അവിടുന്നാണല്ലോ സത്വതയുടെ കേദാരം. ഭക്തജനങ്ങൾക്ക് ഹിതമായ രൂപഭാവങ്ങളോടെ സ്വേച്ഛയാൽ അവതരിച്ച ഭഗവാന് നമസ്കാരം. അവിടുന്നാണെല്ലാവരുടേയും ഉൺമയും അന്തര്യാമിയും എല്ലാറ്റിന്റേയും ഉറവിടവും. എന്റെ അഹങ്കാരം ശമിച്ചിരിക്കുന്നു. എന്റെ പ്രയത്നങ്ങൾ വൃഥാവിലാവുകയും ചെയ്തു. ഞാൻ അവിടുത്തെ പാദങ്ങളിൽ അഭയം തേടുന്നു. അവിടുന്നു തന്നെ ഗുരു. തത്വമസി.

ഭഗവാൻ ഇന്ദ്രനോട് പറഞ്ഞു: ”നിങ്ങളുടെ അഹങ്കാര ശമനത്തിനായാണ് ഞാൻ നിങ്ങൾക്കുള്ള യാഗം മുടക്കിച്ചത്. ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കുമ്പോൾ ആദ്യം അവരുടെ ധനസ്ഥാന സമ്പത്തുക്കൾ അവരിൽ നിന്ന് നീക്കം ചെയ്യുന്നു. എല്ലാ അഹന്തയുമവസാനിപ്പിക്കൂ. എന്നിട്ട് പഴയപോലെ സ്വർഗ്ഗത്തെ ഭരിച്ചാലും.

സ്വർഗ്ഗധേനുവായ സുരഭി കൃഷ്ണനെ വാഴ്ത്തി. പശുകുലത്തിന്റെ ഇന്ദ്രനായി ഭഗവാൻ അവരെ സംരക്ഷിക്കണമെന്നപേക്ഷിച്ചു. സുരഭി പ്രാർത്ഥിച്ചു. കൃഷ്ണാ അവിടുന്ന് പരമയോഗിയും വിശ്വാത്മാവും അതിന്റെ ഉറവിടവുമത്രെ. അവിടുന്നാണ് വിശ്വസംരക്ഷകൻ. ഞങ്ങൾക്കും അവിടുത്തെ സുരക്ഷ നൽകിയാലും. എന്നിട്ട് സുരഭി തന്റെ സ്തന്യംകൊണ്ട് ഭഗവാനെ അഭിഷേകം ചെയ്തു. ഇന്ദ്രൻ ആകാശഗംഗയിലെ ജലംകൊണ്ട് ഭഗവാനെ ധാര ചെയ്തു. എന്നിട്ട് ഇന്ദ്രൻ കൃഷ്ണനെ ഗോക്കളുടെ ഇന്ദ്രൻ ഗോവിന്ദൻ എന്ന് നാമകരണം ചെയ്തു കിരീടവുമണിയിച്ചു. ആകാശവാസികൾ പാടിയും നൃത്തം ചെയ്തും ആഹ്ലാദം കാട്ടി. ലോകത്തിലെ പശുക്കൾ എല്ലാം ആനന്ദിച്ചു. ഇന്ദ്രൻ സ്വർഗ്ഗലോകത്തിലേക്ക് മടങ്ങി.